# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. *495 – 01/07/2019 - ലെ മറുപടിക്ക്

## അധിക വരുമാനം കണ്ടെത്തുവാൻ മാർഗ്ഗങ്ങൾ

ചോദ്യം

ഉത്തരം

ശ്രീ.വി.ടി.ബൽറാം

,, കെ.എസ്.ശബരീനാഥൻ

,, റോജി എം. ജോൺ

,, ഷാഫി പറമ്പിൽ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പുമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | നിത്യനിദാന ചെലവുകൾക്കൊപ്പം പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കും തുക കണ്ടെത്തുവാൻ നിലവിലെ സാഹചര്യത്തിൽ സർക്കാരിന് സാധിക്കുന്നുണ്ടോ; | കേരള പുനർനിർമാണ പദ്ധതികൾക്കായി 5137.34 കോടി രൂപയുടെ (സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL) അനുവദിക്കുന്നതിനുള്ള സന്നദ്ധത ലോക ബാങ്ക് അറിയിച്ചിട്ടുണ്ട്. പ്രസ്തുത വായ്പയുടെ ആദ്യ ഗഡുവായി 1750 കോടി രൂപ അനുവദിക്കുന്നതിനുള്ള അന്തിമഘട്ട ചർച്ചകൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ, ജർമൻ ബാങ്കായ KfW ൽ നിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ ലഭ്യമാക്കുന്നത് സംബന്ധിച്ച നടപടികളും പുരോഗമിക്കുന്നു. കൂടാതെ, RIDF-ൽ നിന്നും NIDA-യിൽ നിന്നും HUDCO-യിൽ നിന്നും വായ്പയിനത്തിൽ തുക സ്വരൂപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. |
| (ബി) | അധിക വരുമാനം കണ്ടെത്തുവാൻ 2019-20 ലെ ബജറ്റിലൂടെ സർക്കാർ കണ്ടെത്തിയ മാർഗ്ഗങ്ങൾ എന്തൊക്കെയാണ്; | • നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉറപ്പിക്കുന്നതിന്റെ ഭാഗമായി 2017-18, 2018-19 സാമ്പത്തിക വർഷങ്ങളിലെ വാർഷിക റിട്ടേണുകളും അനുബന്ധ രേഖകളും സ്ക്രൂട്ടിനൈസ് ചെയ്യുന്നതിനായി നികുതി വകുപ്പിനെ സജ്ജമാക്കുന്നതിന് തീവ്രപരിശീലന പരിപാടി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.<br>• ജി.എസ്.ടി.ആർ 2 എ അടിസ്ഥാനമാക്കി ഇൻവോയ്സ് മാച്ചിംഗിന് ആവശ്യമായ |

| | | |
|---|---|---|
| | | ബാക്ക് എൻഡ് മോഡ്യൂൾ സംവിധാനം വികസിപ്പിക്കുന്നതിനും മേഖല തിരിച്ചുള്ള ഡാറ്റാ വിശകലനം ശക്തിപ്പെടുത്തുന്നതിനുമായി ഒന്നോ രണ്ടോ വർഷത്തേയ്ക്ക് പ്രൊഫഷണൽ കൺസൾട്ടന്റുമാരുടെ സേവനം ഉപയോഗപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.<br>• ജൂൺ 1 മുതൽ ഓട്ടോമാറ്റിക് നമ്പർ പ്ലേറ്റ് റെക്കഗ്നിഷൻ സംവിധാനം (എ.എൻ.പി.ആർ) വഴി കേരളത്തിലേയ്ക്ക് വരുന്ന എല്ലാ ചരക്കു വാഹനങ്ങളിലും ഇ-വേ ബിൽ പരിശോധന തൽസമയം നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നു.<br>• ഹോട്ടലുകളടക്കമുള്ള കൂടുതൽ സേവനദാതാക്കളെ ജി.എസ്.ടി രജിസ്ട്രേഷന്റെ പരിധിയിൽ കൊണ്ടു വരുന്നതിന്റെ ഭാഗമായി, ചെറുകിട സേവനദാതാക്കൾക്കായി 6 ശതമാനം നിരക്കിൽ ഒരു കോമ്പോസിഷൻ രീതി നടപ്പിൽ വരുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.<br>• വാറ്റ് ആംനസ്റ്റി ഊർജ്ജിതമായി നടപ്പാക്കുന്നതിനുള്ള ക്രമീകരണങ്ങൾ നടപ്പാക്കുന്നതോടൊപ്പം റവന്യൂ റിക്കവറി നടപടികളും ഊർജ്ജിതമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു.<br>• നികുതി ചോർച്ച തടയുന്നതിന്റെ ഭാഗമായി നികുതി വകുപ്പിനെ പുന:സംഘടിപ്പിക്കുവാനും എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുവാനും വ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തേണ്ടി വരുന്ന സാഹചര്യങ്ങളിൽ കേന്ദ്ര-സംസ്ഥാന ചരക്ക് സേവന നികുതി ഉദ്യോഗസ്ഥർ സംയുക്തമായി പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാനും സർക്കാർ ഉദ്ദേശിക്കുന്നു. ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് സീക്രട്ട് ഫണ്ടായി 2 കോടി രൂപയും എൻഫോഴ്സ്മെന്റ് |

വിഭാഗത്തിന് ഇ-വേബിൽ പരിശോധനയും ഓൺലൈൻ വഴി നോട്ടീസുകൾ തയ്യാറാക്കി നൽകുന്നതിനും വാഹനത്തിൽ ഘടിപ്പിക്കുന്ന ടാബ്, സ്കാനർ, പ്രിന്റർ എന്നിവ വാങ്ങുന്നതിലേയ്ക്കായി 1 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

- 2019-20 മുതൽ സിനിമാ ഹാളുകളിൽ അംഗീകൃത സോഫ്റ്റ് വെയറിൽ ഇ-ടിക്കറ്റിംഗ് നിർബന്ധമാക്കും.
- കേരളത്തിന്റെ പുനർനിർമ്മാണത്തിനു വേണ്ടി സംസ്ഥാനത്തിന് അകത്തുള്ള സേവനങ്ങളുടെയും ചരക്കുകളുടെയും വിതരണത്തിന് ഒരു ശതമാനം സെസ് ചുമത്തുന്നതിന് ജി.എസ്.ടി കൗൺസിൽ അനുവാദം നൽകിയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ തുടർനടപടികൾ സ്വീകരിച്ചു വരികയാണ്.
- 2005 മാർച്ച് 31 വരെയുള്ള കേരള പൊതുവിൽപ്പന നികുതി പ്രകാരമുള്ള കുടിശികകൾക്കും 2017 ജൂൺ 30 വരെയുള്ള കേരള മൂല്യവർദ്ധിത നികുതി, കേന്ദ്ര വിൽപ്പന നികുതി, ആഡംബര നികുതി, സർചാർജ്ജ് നിയമപ്രകാരമുള്ള കുടിശികകൾക്കും 2017 മാർച്ച് 31 വരെയുള്ള കേരള കാർഷികാദായ നികുതി കുടിശികയ്ക്കും ബാധകമാക്കിക്കൊണ്ട് സമഗ്രമായ ആംനസ്റ്റി പദ്ധതി നടപ്പാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.
- ബിയർ, വൈൻ ഉൾപ്പെടെയുള്ള എല്ലാത്തരം മദ്യങ്ങളുടെയും ആദ്യ വിൽപ്പനയിലെ നികുതി 2 ശതമാനം വർദ്ധിപ്പിക്കുന്നതിലൂടെ 180 കോടി രൂപ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.
- പുതിയതായി വാങ്ങുന്ന മോട്ടോർ സൈക്കിൾ, മോട്ടോർ കാറുകൾ, സ്വകാര്യ സർവ്വീസ് വാഹനങ്ങൾ എന്നിവയുടെ ഒറ്റത്തവണ നികുതിയിൽ

| | | |
|---|---|---|
| | | ഒരു ശതമാനം വർദ്ധനവ് വരുത്തുന്നതു വഴി 200 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.<br>• 1986 മുതൽ കുടിശിക ഉണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിന് 2018-19 ലെ ബജറ്റിൽ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2020 മാർച്ച് വരെ ദീർഘിപ്പിക്കുകയാണ്. ഇതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.<br>• കേരളത്തിലെ ഭൂമിയുടെ വിപണി വിലയും സർക്കാർ നിശ്ചയിച്ചിട്ടുള്ള ന്യായവിലയും തമ്മിലുള്ള അന്തരം കുറച്ചു കൊണ്ടുവരുന്നതിന് ന്യായവിലയുടെ 10 ശതമാനം വർദ്ധിപ്പിക്കുന്നതിലൂടെ 400 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.<br>• താമസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾക്ക് ചുമത്തുന്ന ആഡംബര നികുതി നിരക്ക് പുതുക്കുന്നതിലൂടെ 50 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.<br>• പുതുക്കിയ നിരക്കിൽ പാട്ടത്തുക നിശ്ചിത സമയത്തിനകം അടയ്ക്കാത്ത സ്ഥാപനങ്ങളുടെയും സംഘടനകളുടെയും പാട്ടം റദ്ദ് ചെയ്ത് ഭൂമി തിരിച്ചെടുക്കുന്നതിലൂടെ 200 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നു.<br>• വിവിധ വകുപ്പുകൾ നൽകുന്ന സേവനങ്ങൾക്കുള്ള എല്ലാ ചാർജ്ജുകളും ഫീസുകളും 5 ശതമാനം ഉയർത്തിയിട്ടുണ്ട്. |
| (സി) | ചെലവ് ചുരുക്കി വികസനത്തിന് പണം കണ്ടെത്തുക എന്ന കാര്യം പൂർണ്ണതോതിൽ പ്രാവർത്തികമാക്കുന്നതിന് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | വിദ്യാഭ്യാസ, ആരോഗ്യ, സാമൂഹ്യക്ഷേമ രംഗങ്ങളിൽ ഉന്നത നിലവാരം പുലർത്തിപ്പോരുന്ന നമ്മുടെ സംസ്ഥാനത്ത്, പ്രസ്തുത മേഖലകളിലടക്കമുള്ള രംഗങ്ങളിലെ സർക്കാർ ഇടപെടലുകളിലും ക്ഷേമപ്രവർത്തനങ്ങളിലും നിയന്ത്രണങ്ങൾ വരുത്തുന്നതും ചെലവ് ചുരുക്കുന്നതും അഭികാമ്യമല്ല. എന്നാൽ, റബ്ബർ |
| (ഡി) | ചെലവ് ചുരുക്കലിന്റെ ഭാഗമായി | |

| | | |
|---|---|---|
| | നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച കാര്യങ്ങൾ പൂർണ്ണതോതിൽ നടപ്പിലാക്കാത്തത് മൂലം ഉദ്ദേശിച്ച ഫലം ലഭിക്കാതെ വന്നിട്ടുണ്ടോ; വിശദമാക്കുമോ? | ഉൾപ്പെടെയുള്ള കാർഷികോൽപ്പന്നങ്ങളുടെ വിലകൾ ഉയരാത്തതുമൂലവും ഗൾഫിലെ തൊഴിൽ നയങ്ങളുടെ ഭാഗമായി ആ രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റത്തിലുണ്ടായ ഇടിവ് വഴി ഗൾഫ് പണവരുമാനം കുറയുന്നതു മൂലവും കേരള സമ്പദ്ഘടന മുരടിപ്പിന്റെ ശക്തമായ ഭീഷണിയെ അഭിമുഖീകരിക്കുകയാണ്. ഈ സാഹചര്യത്തിൽ, വരുമാനം വർദ്ധിപ്പിച്ചും അനാവശ്യ ചെലവുകളും ധൂർത്തും നിയന്ത്രിച്ചും സാമൂഹ്യ ക്ഷേമ വികസന മേഖലകളിൽ പരാമാവധി പണം ചെലവഴിക്കുകയെന്നതാണ് സർക്കാർ അനുവർത്തിച്ചു വരുന്ന നയം. ആയതിന്റെ അടിസ്ഥാനത്തിൽ, ധൂർത്തും അനാവശ്യ ചെലവുകളും നിയന്ത്രിക്കുന്നതിന്റെയും സാമ്പത്തിക അച്ചടക്കം ഉറപ്പു വരുത്തുന്നതിന്റെയും ധനദൃഢീകരണം സാദ്ധ്യമാക്കുന്നതിന്റെയും ഭാഗമായി വാഹനങ്ങൾ വാങ്ങുന്നതിനും, പുതിയ ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ അനുവദിക്കുന്നതിനും, വിദേശ യാത്രയ്ക്കും, വിമാന യാത്രയ്ക്കും, മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിനും അടക്കം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ടി നിയന്ത്രണങ്ങൾ കർശനമായി പാലിച്ചു പോരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**